LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കർണ്ണാടകയിലെ അധിക നികുതി നിരക്ക്

348 (3982)ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടകയിൽ പ്രവേശിക്കുന്നതിന് കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് എത്ര രൂപ വീതമാണ് നികുതി ഈടാക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) കർണ്ണാടകത്തിൽനിന്നും മറ്റ് അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന വാഹനങ്ങൾക്ക് കേരളത്തിൽ എത്ര രൂപ വീതമാണ് ഈടാക്കുന്നത് ;

(സി) രണ്ട് സംസ്ഥാനങ്ങളിലെയും നികുതിയിലുള്ള വലിയ അന്തരം പരിഹരിക്കുന്നതിന് കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് (മോട്ടോർ വെഹിക്കിൾസ് ആക്ട് 1988-ലെ സെക്ഷൻ 88(8) പ്രകാരം പെർമിറ്റ് നേടിയിട്ടുള്ള വാഹനങ്ങൾ) 7 ദിവസത്തേക്ക് 600 രൂപയും സെസും 30 ദിവസത്തേയ്ക്ക് 1500 രൂപയും സെസും എന്ന നിരക്കിലാണ് നികുതി സ്വീകരിച്ചിരുന്നത്. എന്നാൽ കർണ്ണാടക സർക്കാർ അവരുടെ മോട്ടോർ വാഹന നികുതി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കുറഞ്ഞ കാലയളവിലേയ്ക്ക് കർണ്ണാടകത്തിലേയ്ക്ക് പോകുന്ന ടൂറിസ്റ്റ് വാഹനങ്ങളിൽ നിന്നും ഒരു വർഷത്തേയ്ക്കാണ് നികുതി സ്വീകരിക്കുന്നത്. ഈ അമിത നികുതി കുറയ്ക്കുവാൻ കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും കർണ്ണാടക സർക്കാരിൽനിന്ന് അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

(ബി) കർണ്ണാടകത്തിൽനിന്നും മറ്റ് അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾക്ക് കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിലെ ഷെഡ്യൂളിലെ ഐറ്റം 7 (എഫ്) പ്രകാരം ഏർപ്പെടുത്തിയ നികുതി ബഹു.കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ ഇത്തരം വാഹനങ്ങൾക്ക് കേരളത്തിൽ രജിസ്റ്റർ ചെയ്ത് ഇന്റർസ്റ്റേറ്റ് ആയി ഓപ്പറേറ്റ്

ചെയ്യുന്ന വാഹനങ്ങൾക്ക് കേരളത്തിൽ ഈടാക്കുന്ന നികുതി തന്നെയാണ് ഈടാക്കുന്നത്. അതായത് ആറ് യാത്രക്കാരിൽ കൂടുതലുള്ള ഓർഡിനറി കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 1540 രൂപയും മേൽത്തരത്തിലുള്ള പുഷ്ബാക്ക് വാഹനങ്ങൾക്ക് ഓരോ യാത്രക്കാരനും 2000 രൂപയും സ്ലീപ്പർ ബർത്ത് വാഹനങ്ങൾക്ക് 3000 രൂപയും എന്ന നിരക്കിലാണ് ഈടാക്കുന്നത്.

(സി) കേരളത്തിൽനിന്നും കർണ്ണാടകത്തിലേയ്ക്ക് പോകുന്ന വാഹനങ്ങളിൽ നിന്നും അമിതമായി നികുതി ഈടാക്കുന്നതിനെതിരെ സർക്കാരും ഗതാഗത വകുപ്പും കർണ്ണാടക ഗവൺമെന്റുമായി നിരവധി തവണ ബന്ധപ്പെട്ടെങ്കിലും ഇതിന്മേൽ നടപടികളൊന്നും ഉണ്ടായിട്ടില്ല. കേരളത്തിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിൽ പ്രവേശിക്കുന്ന സ്വകാര്യ വാഹനങ്ങൾക്ക് കർണ്ണാടക സർക്കാർ ലൈഫ് ടൈം ടാക്സ് ഈടാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സർക്കാരിന്റെ നിർദ്ദേശ പ്രകാരം കർണ്ണാടക ഗതാഗത മന്ത്രിയുമായി 2-9-2014-ന് ചർച്ച നടത്തുകയും അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കർണ്ണാടകത്തിലേയ്ക്ക് വരുന്ന സ്വകാര്യ വാഹനങ്ങളിൽനിന്നും ലൈഫ് ടൈം ടാക്സ് സ്വീകരിക്കുന്ന നടപടി നിർത്തിവയ്ക്കുവാൻ കർണ്ണാടക ഗതാഗത മന്ത്രി, കർണ്ണാടക ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഗതാഗത കമ്മീഷണർ അറിയിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ, നിർദ്ദേശങ്ങളേ കർണ്ണാടക സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

അംഗപരിമിതരായവർക്ക് കെ.എസ്.ആർ.ടി.സി. യാത്രാസൗജന്യം

349 (3983) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് സർക്കുലർ ഇറക്കിയിട്ടും അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് കെ.എസ്.ആർ.ടി.സി. യാത്രാസൗജന്യം നിഷേധിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly